Daily Mangalam
Subject

Date: 26/04/23
Page.

# ആരക്കുന്നം ടോക് എച്ച് എഞ്ചിനീയറിംഗ് കോളേജിൽ റോബോകോൺ നടത്തി

ആരക്കുന്നം: റോബോട്ടിക്സ് സാങ്കേതിക വിദ്യകളിലെ നവീന ചിന്തകളെ കുറിച്ച് സംവേദിച്ച റോബോകോൺ 23 ആശയങ്ങൾ കൊണ്ടും ചർച്ചകൾ കൊണ്ടും വൻ വിജയമായി.

ആരക്കുന്നം ടോക് എച്ച് എഞ്ചിനീയറിംഗ് കോളേജിലെ ഐ ഇ ഇ ഇ സ്റ്റുഡന്റ് ബ്രാഞ്ച്, ഐ ഇ ഇ ഇ കേരള ചാപ്റ്ററും സംയോചിതമായി സംഘടിപ്പിച്ച റോബോകോൺ 23 എന്ന ദേശീയ റോബോട്ടിക്സ് ആൻഡ് ഓട്ടോമേഷൻ കോൺക്ലേവിൽ റോബോട്ടിക്സിലെ നൂതന ആശയങ്ങളും സാധ്യതകളും വിദഗ്ധരും വിദ്യാർഥികളും ചേർന്നാണ് വികസിപ്പിച്ചെടുത്തത്. ഭാവിയിലെ സാങ്കേതിക വിദ്യയായ റോബോട്ടിക്സിനെ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി വ്യത്യസ്യമായ ആശയങ്ങൾ ആണ് വിദ്യാർഥികൾ ഇതിൽ പങ്കു വെച്ചത്.

കോൺക്ലേവിന്റെ ഭാഗമായി നടത്തിയ പ്രൊജക്റ്റ് എക്സ്പോയിൽ കേരളത്തിനു അകത്തും പുറത്തുമായി പതിനഞ്ചോളം ടീമുകൾ പങ്കെടുത്തു. സങ്കല്പിക യഥാർത്ഥങ്ങളുടെ പ്രദർശനങ്ങളും, ദേശീയ നിലവാരമുള്ള ടെക്നിക്കൽ സെഷനുകളും, ഒരു ദിവസം നീണ്ട ഹാക്കത്തോണും കോൺക്ലേവിന്റെ മറ്റൊരു സവിശേഷതയായിരുന്നു.കുസാറ്റ് റഡാർ സെന്റർ ഡോ.എസ് അഭിലാഷ് ഡയറക്ടർ അരവിന്ദ് സജ്ജീവ്, ലുമെൻ ടെക്നോളോജി സിഇഒ ഡോ.നിരോപൽ ചക്രബോർത്തി, ഐ ഐഐഐ ടി കോട്ടയം എന്നിവരുടെ സാങ്കേതിക ചർച്ചകൾ വിദ്യാർഥികൾ ആവേശപൂർവം സ്വീകരിച്ചു. അസിമോവ് റോബോട്ടിക്സിന്റെ സ്ഥാപകനും സിഇഒ യുമായ ടി. ജയകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. കോൺക്ലേവിൽ ടോക് എച്ച് പ്രസിഡന്റ് ഡോ. അലക്സ് മാത്യു, സെക്രട്ടറി മധു ചെറിയാൻ, പ്രിൻസിപ്പൽ ഡോ. പ്രീതി തെക്കെത്,ഐ ഇ ഇ ഇ ടോക് എച്ച് ബ്രാഞ്ച് കൗൺസിലറും വൈസ് പ്രിൻസിപ്പലുമായ ഡോ. ദീപ എലിസബത്ത് ജോർജ് . സ്റ്റുഡന്റ് ബ്രാഞ്ച് ചെയർമാൻ ഹാഫിസ് ഷഫീഖ് തുടങ്ങിയവർ സംസാരിച്ചു.



▪ ആരക്കുന്നം ടോക് എച്ച് എഞ്ചിനീയറിംഗ് കോളേജിൽ നടത്തിയ റോബോകോൺ കോൺക്ലേവ് അസിമോവ് റോബോട്ടിക്സ് സിഇഒ ടി. ജയകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.